## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *648** **30.07.2015-ൽ മറുപടിയ്ക്ക്**

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

**ചോദ്യം**
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.വി.ഡി.സതീശൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യോദയം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിച്ചിട്ടുള്ളത്; | ബി) | വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, ഹോസ്റ്റലുകളിലെയും ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവ സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, |

| | | | |
|---|---|---|---|
| | | | പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/ റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ സയൻസ്/ കമ്പ്യൂട്ടർ ലാബുകൾ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ , ടെലിവിഷൻ എന്നിവയും, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും അനുവദിക്കുന്നുണ്ട്. |
| സി) | പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട്? | സി) | വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യം ഉണ്ട്. സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത ആശ്രമ സ്കൂൾ തിരുനെല്ലി, ഏകലവ്യ എം.ആർ.എസ് പൂക്കോട് എന്നിവയ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 110 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 97 എണ്ണം വകുപ്പ്/സർക്കാർ വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 ഹോസ്റ്റലുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ സ്ഥല സൗകര്യം ലഭ്യമായ 2 ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ 6 ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. സ്ഥിരം കെട്ടിടം ഇല്ലാതിരുന്ന 11 ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ